**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ T 5477 — 25.10.11 ലെ മറുപടിക്ക്

# പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നഷ്ടപരിഹാര വ്യവസ്ഥകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. പി.സി. അബ്ദുൾ റസാക്<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. എം. ഉമ്മർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |

എ) പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നഷ്ടപരിഹാര വ്യവസ്ഥകൾ പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ ;

ബി) കേന്ദ്രഗവൺമെന്റ് പ്രസ്തുത വിഷയത്തിൽ തയ്യാറാക്കിയ വ്യവസ്ഥകൾ തന്നെയാണോ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) കേരളം അംഗീകരിച്ചിട്ടുള്ള പുതിയ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് സംക്ഷിപ്തമായി വ്യക്തമാക്കാമോ ?

(എ) (ബി) & (സി) ഭൂമി ഏറ്റെടുക്കൽ നിയമം അനുസരിച്ച് സ്ഥലമേറ്റെടുക്കുമ്പോൾ ഭൂമിയുടെ കമ്പോള വിലയേക്കാൾ കുറഞ്ഞ വിലയാണ് ഗുണഭോക്താക്കൾക്ക് ലഭിച്ചു വരുന്നത്. എന്നാൽ ഫാസ്റ്റ് ട്രാക്ക് പദ്ധതി പ്രകാരം ഭൂമിയുടെ ഉടമകൾക്ക് താരതമ്യേന മെച്ചപ്പെട്ട നഷ്ടപരിഹാരം ലഭിക്കുന്നുണ്ട്. പദ്ധതികൾ നടപ്പാക്കുമ്പോൾ സമീപ പ്രദേശങ്ങൾ വികസിക്കുന്നതിന്റെ ഗുണഫലങ്ങൾ ഭൂദാതാക്കൾക്ക് ലഭിക്കാത്ത സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. ഭൂദാതാക്കളുടെ സാമ്പത്തികാന്തസ്സ് നിലനിർത്തുന്നതിന് ഉതകുന്ന തരത്തിൽ സമഗ്രമായ പുനരധിവാസ നയം നടപ്പാക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരികയാണ്. വീടില്ലാത്തവർക്ക് വീട് വയ്ക്കാനാവശ്യമായ സ്ഥലം നൽകുക, വ്യാപാര സ്ഥാപനം നഷ്ടപ്പെടുന്നവർക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകളിൽ ഇടം നൽകുക, പുനരധിവാസ പ്രവർത്തനങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക, ഭൂഉടമയുടെ കൂടി സമ്മതത്തോടെ അവർക്ക് ഭൂമിയുടെ വിലയിലുണ്ടാകുന്ന വർദ്ധനയ്ക്ക് അനുസൃതമായ വില ലഭിക്കുന്ന രീതിയിൽ ഇൻഫ്രാസ്ട്രക്ചർ ബോണ്ടുകൾ നൽകുക തുടങ്ങിയ നിർദ്ദേശങ്ങളടങ്ങിയ പുനരധിവാസ നയം പ്രാബല്യത്തിലാകുന്നതോടെ വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ലഭിക്കാത്ത സാഹചര്യം ഉണ്ടാവില്ലെന്നാണ് സർക്കാരിന്റെ പ്രതീക്ഷ. ഈ നയം റവന്യൂ വകുപ്പ് മന്ത്രി കൺവീനറായ മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ